**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6230** **10-07-2024 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ താല്ക്കാലിക ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനം വകുപ്പിൽ എത്ര താല്ക്കാലിക ജീവനക്കാരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | വനം വന്യജീവി വകുപ്പിൽ ഉള്ള താത്ക്കാലിക ജീവനക്കാരുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് നൽകുന്ന വേതനം എത്രയാണെന്നും എത്രകാലമായി ഇവർ ജോലിയിൽ തുടരുന്നുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ജീവനക്കാർക്ക്, അവർ ജോലി ചെയ്യുന്ന ദിവസത്തിനനു സരിച്ച്, 11.02.2021-ലെ സ.ഉ.(പി) നം. 29/2021/ധന ഉത്തരവിൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരം, 675/- രൂപ മുതൽ 780/- രൂപ വരെ ദിവസ വേതനമായി അനുവദിക്കു ന്നുണ്ട്. ജോലിയുടെ ആവശ്യക തയും, ഫണ്ടിന്റെ ലഭ്യതയുമനു സരിച്ച് ഒരു നിശ്ചിത കാലയളവി ലേയ്ക്ക് മാത്രമാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്. |
| (സി) | പ്രസ്തുത ജീവനക്കാർ പിരിഞ്ഞു പോകേണ്ടത് അല്ലെങ്കിൽ ഇവരെ പിരിച്ചു വിടുന്നത് എപ്പോഴാണെന്ന് അറിയിക്കാമോ; | (സി) | ജോലിയുടെ ആവശ്യകതയും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് ഒരു നിശ്ചിത കാലയളവിലേയ്ക്ക് മാത്രമാണ് വനം വകുപ്പിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്. |
| (ഡി) | 56 വയസ്സ് പൂർത്തിയായ താല്ക്കാലിക ജീവനക്കാർ പിരിഞ്ഞു പോകണമെന്ന് വനം വകുപ്പിന്റേതായി മാത്രമുള്ള ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ടതോ, മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർ എന്ന നിലയിൽ ഏതെങ്കിലും പ്രത്യേക സർക്കാർ ഉത്തരവ്/ നിർദ്ദേശ പ്രകാരമോ ജോലി ചെയ്യുന്നവർ ഒഴികെയുള്ള 56 വയസ്സ് പൂർത്തി യായ ആളുകളെ വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലികൾക്കായി നിയോഗിക്കേ ണ്ടതില്ലെന്ന് 23.09.2021-ലെ എഫ്1/332/2021/വനം കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | 56 വയസ്സ് കഴിഞ്ഞാൽ പിരിഞ്ഞു പോകുന്ന താല്ക്കാലിക ജീവനക്കാർക്കായി എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാനുള്ള പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ? | (ഇ) | ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**<u>(03.07.2024-ലെ കണക്ക്)</u>**

| ക്രമ നമ്പർ | ജില്ല | താൽക്കാലിക ജീവനക്കാരുടെ (ദിവസവേതനാടിസ്ഥാനത്തിൽ) എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 242 |
| 2. | കൊല്ലം | 162 |
| 3. | പത്തനംതിട്ട | 101 |
| 4. | ആലപ്പുഴ | 4 |
| 5. | കോട്ടയം | 17 |
| 6. | ഇടുക്കി | 806 |
| 7. | എറണാകുളം | 187 |
| 8. | തൃശ്ശൂർ | 298 |
| 9. | പാലക്കാട് | 505 |
| 10. | മലപ്പുറം | 123 |
| 11. | കോഴിക്കോട് | 79 |
| 12. | വയനാട് | 356 |
| 13. | കണ്ണൂർ | 144 |
| 14. | കാസർഗോഡ് | 41 |
| | **ആകെ** | **3065** |

**വളരെ അടിയന്തരം**

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

വനം വന്യ ജീവി (എഫ്) വകുപ്പ്,

നമ്പർ.എഫ്1/332/2021/വനം. തിരുവനന്തപുരം, 23/09/2021.

പ്രിൻസിപ്പൽ സെക്രട്ടറി.

മുഖ്യ വനപാലകൻ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,
തിരുവനന്തപുരം.

സർ,

വിഷയം:- -ദിവസ വേതന ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുന്നത് - സംബന്ധിച്ച്.

വനം വന്യജീവി വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകളിൽ വാച്ചർ, ഡ്രൈവർ തുടങ്ങിയ വിവിധ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തി വരുന്നുണ്ട്. എന്നാൽ, നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി നിരവധി പേർ ദീർഘകാലമായി ജോലിയിൽ തുടർന്നുവരുന്നതായും ഇത് നിക്ഷിപ്ത താൽപര്യങ്ങൾക്കും അഴിമതിയ്ക്കും കാരണമാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ആദ്യഘട്ടമെന്ന നിലയിൽ 56 വയസ്സിനു മുകളിൽ പ്രായമുള്ള, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടതോ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർ എന്ന നിലയിലോ ഏതെങ്കിലും പ്രത്യേക സർക്കാർ ഉത്തരവ്/നിർദ്ദേശ പ്രകാരമോ ജോലിചെയ്യുന്നവർ ഒഴികെയുള്ള, എല്ലാ ദിവസവേതന ജീവനക്കാരുടെയും സേവനം ഈ കത്ത് ലഭിച്ച് **ഒരു മാസത്തിനകം** അവസാനിപ്പിക്കേണ്ടതും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിച്ച് ആവശ്യമെങ്കിൽ പുതിയ താൽക്കാലിക നിയമനം നടത്താവുന്നതാണ്. നിലവിലുള്ള ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുമ്പോൾ നിലവിൽ ചെയ്യേണ്ട ജോലികൾക്ക് തടസ്സം നേരിടാത്ത രീതിയിൽ പുതിയ നിയമനം നടത്താവുന്നതാണ്.

ദിവസവേതന നിയമനം ലഭിച്ച് നിയമനം ദീർഘിപ്പിച്ചു നൽകിയതിലൂടെയോ പുനർ നിയമനം നൽകിയതിലൂടെയോ അഞ്ച് വർഷത്തിൽ കൂടുതൽ കാലം ജോലി ചെയ്തുവരുന്ന ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ, ജോലിചെയ്ത കാലയളവ് ഉൾപ്പെടെ, **ഒരു മാസത്തിനകം** സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
Sajeevan M K
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.